**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2915.** **06.11.2019 ൽ മറുപടിയ്ക്ക്**

## ലഹരി ഉപഭോഗം തടയാൻ കർശന പരിശോധന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.ഉബൈദുള്ള** | | **ശ്രീ.ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ലഹരി ഉപഭോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പരിശോധനകൾ കർശനമാക്കുന്നതിന് വകുപ്പുതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | നിയമവിരുദ്ധ ലഹരി ഉപഭോഗം തടയുന്നതിനായി എക്സൈസ് വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന അതിർത്തി പങ്കിടുന്ന ജില്ലകളിൽ ബോർഡർ പട്രോളിംഗും, എല്ലാ എക്സൈസ് ചെക്ക് പോസ്റ്റുകളിലും ശക്തമായ വാഹന പരിശോധനയും നടത്തി വരുന്നു. പുറമെ ഓണാഘോഷ കാലത്ത് 'ഓപ്പറേഷൻ വിശുദ്ധി' എന്ന പദ്ധതിയും, ഇപ്പോൾ 'ഓപ്പറേഷൻ സീറോ ടോളറൻസ്' എന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ട്രെയിൻ മാർഗ്ഗമുള്ള ലഹരി വസ്തുക്കളുടെ കടത്ത് തടയുന്നതിനായി സംസ്ഥാന എക്സൈസ് വകുപ്പ് ആർ.പി.എഫുമായി ചേർന്നും റെയിൽവേ സ്റ്റേഷനുകളിൽ പോലീസ് ഡോഗ് സ്ക്വാഡിന്റെ സഹായത്തോടെയും പരിശോധന നടത്തി ലഹരി വസ്തുക്കൾ കടത്തുന്നത് നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിമാനത്താവളങ്ങളിലേയ്ക്ക് ഉൾപ്പെടെ എല്ലാ റോഡുകളിലും വാഹന പരിശോധന നടത്തി മയക്കുമരുന്നിന്റെ കടത്ത് പിടികൂടുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രത്യേക പരിശീലനം ലഭിച്ച സ്ക്വാഡുകൾക്ക് രൂപം നൽകുവാനും പരിശോധന കർശനമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാന തലത്തിൽ സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡും മേഖലാടിസ്ഥാനത്തിൽ എക്സൈസ് കമ്മീഷണറുടെ നിയന്ത്രണത്തിൽ എക്സൈസ് കമ്മീഷണർ സ്പെഷ്യൽ സ്ക്വാഡും രൂപീകരിച്ച് പരിശോധന കർശനമാക്കിയിട്ടുണ്ട്. |
| (സി) | ഇതിനായി പൊതുസ്ഥലങ്ങളും വിദ്യാലയങ്ങളും കേന്ദ്രീകരിച്ച് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (സി) | പൊതുസ്ഥലങ്ങളും, സ്കൂൾ, കോളേജ് പരിസരങ്ങളും കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ